# മിസ്റ്റിസിസം ഒരു വിമർശനം

സ്റ്റിസിസത്തിന് കേരള ദാർ
സമിതി നൽകിയിരിക്കുന്ന
നം യോഗധ്യാനദർശനം
ല്ലോ. കൊള്ളാം. എങ്കിലും
് അനുഭൂതിയിലേക്കുള്ള പ്രയാ
ിയയെ സൂചിപ്പിക്കുന്ന നിർ
മാത്രമാണിത് എന്ന കുറവ്
ാട്ടാം. എന്നാൽ ആത്യന്തിക
ായുള്ള ഐക്യാനുഭൂതിയാണ്
കൾക്ക് ലഭിക്കുന്നത് എ
ബ്രഹ്മാത്മൈക്യം എന്ന വിവ
ന് കൂടുതൽ യോജിക്കുക എന്നു
. ഏതുമാകട്ടെ എന്നാൽ ഈ
ിവിശേഷം ഉണ്ടായവരും ഉ
ല്ലെങ്കിലും അതെക്കുറിച്ച് അനു
ാഭാവത്തോടെ പഠിക്കുന്നവരും
ത്തിൽ എടുത്തുപറയുന്ന ഒരു
ഷതയുണ്ടതിന്: ineffability
അനിർവചനീയത.

## ഊരാക്കുടുക്ക്

പ്പോൾ ആദ്യമേ നാം ഒരു ഊരാ
ൽ ചെന്നുപെടുന്നു. അനിർവ
ായ ഒന്നെങ്ങിനെ യുക്ത്യധി
യ വാദപ്രതിവാദത്തിന് വി
വും? യുക്ത്യേതരമായ യാതൊ
ാവും സത്യത്തിലേക്ക് നയി
എന്നെനിക്ക് പക്ഷമില്ല. ഉദാ
കാവ്യസത്യം. അസ്തിത്വത്തി
പരിമിതികളെ മുറിച്ച് കയറാ
ന്നതയിലേക്ക് കുതിക്കാനുമുള്ള
ന്റെ ആദിമകാലംതൊട്ടുള്ള അ
ത്വരയിൽ കാവ്യസിദ്ധിക്കു
ാനം അനിഷേധ്യംതന്നെ. കാ
ി എന്ന് പറയുമ്പോൾ എല്ലാ
ഉൾപ്പെടുന്നു. ഈ കാവ്യാ
ം ബ്രഹ്മാത്മൈക്യത്തിനും ചി
നഭാവങ്ങൾ ഉണ്ടെന്നും സമ്മ
ിരു. ബ്രഹ്മാത്മൈക്യത്തിന്
ാളം സാധുതയും ഉണ്ട്.

നാൽ പ്രൊഫസർ കെ. എം.
വിടെ ചൂണ്ടിക്കാട്ടിയപോലെ
ത്മൈക്യമുനികളുടെ തപശ്ചര്യ
കവികളുടെ സിദ്ധി–സാധന
ന്ന് പറയുക സാഹസമാ

യിരിക്കും. ബ്രഹ്മാത്മൈക്യവാദികൾ തങ്ങളുടെതിൽനിന്നും നിലവാരം കുറഞ്ഞ ഒരു അനുഭൂതി മാത്രമായിട്ടേ കാവ്യാനുഭൂതിയെ കണക്കാക്കൂ.

## സാമൂഹ്യധർമ്മം

യുക്ത്യതീതവും അനുഭവൈകവേദ്യവുമായ അനുഭൂതിവിശേഷങ്ങളെക്കുറിച്ചുള്ള അവകാശവാദങ്ങൾ പ്രാക്പരിഷ്കൃത കാലംമുതലേ മാനവ ചരിത്രത്തിൽ കേട്ടുപോന്നിട്ടുണ്ട്. ഐ. എം. ലൂവിസിനെപോലുള്ള ആധുനിക നരവംശ ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നതുപോലെ ഈ അവകാശവാദങ്ങൾക്ക് വ്യക്തമായ സാമൂഹ്യധർമ്മവുമുണ്ടായിരുന്നു.

സമൂഹത്തിലെ ആധിപത്യം നിലനിർത്താനായി ഗോത്രത്തലവന്മാരും ഗോത്രപുരോഹിതന്മാരും ഔഷധകാരന്മാരും തങ്ങളുടെ ദിവ്യാനുഭൂതികളെകുറിച്ചും രഹസ്യ സിദ്ധികളെക്കുറിച്ചും അവകാശവാദങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതുപോലെതന്നെ സമൂഹത്തിലെ ന്യൂനപക്ഷക്കാരും പ്രതിഷേധ വിഭാഗക്കാരും ഇതേ അവകാശവാദങ്ങൾ


പി. ഗോവിന്ദപിള്ള


പുറപ്പെടുവിച്ചിട്ടുണ്ട്. ഗോത്രവ്യവസ്ഥ തകർന്ന ഘട്ടംമുതലിന്നോളം പലപ്പോഴും ഇത്തരം ആത്മൈക്യവാദികൾ എസ്റ്റാബ്ലിഷ്മെന്റിന്റെ (വ്യവസ്ഥാപിത വാഴ്ചയുടെ) വേട്ടക്ക് വിധേയരായിട്ടുണ്ട്. ആദ്യകാല ക്രിസ്ത്യാനികളും സൂഫികളും മറ്റും ഉദാഹരണം. കൊച്ചുത്രേസ്യാ പുണ്യവാളത്തി, ഭക്തമീര, അക്കമഹാദേവി ആർക്കിലെ ജോവാൻമുതലായവരും പലതരത്തിൽ പീഡിപ്പിക്കപ്പെട്ടവരാണ്. അൽഹലാണ്ട് തന്റെ മിസ്റ്റിക്ക് അനുഭൂതി വെളിപ്പെടുത്തിയതിന് വധിക്കപ്പെട്ടു. ക്രിസ്തുവും ഈ പട്ടികയിൽ പെടും. ബങ്കിംചന്ദ്ര ചാറ്റർജിയുടെ ആനന്ദമഠത്തിലെ സന്യാസിമാരും വ്യത്യസ്തരല്ല. മലബാറിലെ "ഹാലിളകുന്ന" മാപ്പിളമാർ മറ്റൊരു വക. ഇങ്ങിനെ എത്ര എത്ര രക്തസാക്ഷികൾ, സംഘങ്ങൾ? കത്തോലിക്കരുടേതുൾപ്പെടെയുള്ള സംഘടിതമതങ്ങൾ മിസ്റ്റിക്കുകൾക്ക് പുണ്യവാളപദവി നൽകിയത് മരണാനന്തര ബഹുമതി മാത്രമായിട്ടാണ് എന്നത് അർത്ഥവത്തായ പ്രതിഭാസമത്രെ. സംഘടിതമതം അതിന്റെ മേലധികാരികളിൽക്കൂടിയല്ലാതെ വ്യക്തികൾ മോക്ഷപ്രാപ്തിക്കും ബ്രഹ്മസാക്ഷാൽക്കാരത്തിനും യത്നിക്കുന്നതിനെ എന്നും തടഞ്ഞിരുന്നു.

## ബഹുജന സമൂഹം

അങ്ങിനെ ഒരുകാലത്ത് പ്രതിഷേധപ്രസ്ഥാനങ്ങളുടെ വൈകൃതങ്ങളായും രൂപഭേദങ്ങളായും പ്രത്യക്ഷപ്പെട്ട ബ്രഹ്മാത്മകവാദത്തിന് വ്യവസായ വിപ്ലവത്തിനുശേഷം രൂപംകൊണ്ട ജനാധിപത്യാന്തരീക്ഷത്തിലും ബഹുജന സമൂഹത്തിലും (മാസ് സൊസൈറ്റി) പ്രസക്തിയില്ലാതായിത്തീർന്നിരിക്കുന്നു. അച്ചടിയും നഗരജീവിതവും ബഹുജന മാധ്യമങ്ങളും സാർവത്രിക സംക്ഷരതയുമെല്ലാം മിസ്റ്റിസിസം തുടങ്ങി പല വിശ്വാസാചാരങ്ങളെയും ചൂഴ്ന്നുനിന്ന ഗൂഢാത്മകതയുടെ മുഖംമൂടി പിച്ചിച്ചീന്തി. മിസ്റ്റിസിസം, താന്ത്രികവിദ്യ, ഇന്ദ്രജാലം, മന്ത്രവാദം മുതലായവയെ അനുകൂലിച്ചെഴുതുന്ന പുസ്തകങ്ങൾ അച്ചടിക്കുമ്പോഴും പ്രഭാഷണങ്ങൾ പ്രക്ഷേപണം ചെയ്യുമ്പോഴും അവയുടെ നിലനില്പിന്നത്യന്താപേക്ഷിതമായ രഹസ്യ ന്യൂനപക്ഷ–വ്യക്ത്യധിഷ്ഠിത സ്വഭാവം ആകെ താറുമാറാക്കുകയാണ്.

## പിന്തിരിപ്പന്മാർ

ഇപ്പോൾ പിന്നെ മിസ്റ്റിസിസത്തിനും മിസ്റ്റിക്കുകൾക്കും ഉള്ള സാമൂഹ്യ ധർമ്മമെന്ത്? ജനായത്ത സമ്പ്രദായത്തിനെതിരായ, വരേണ്യ മേധാവി

തത്വത്തിനനുകൂലമായ ഒരന്തരീക്ഷം സൃഷ്ടിക്കാനേ ഇതുപകരിക്കൂ. ശാസ്ത്രീയ ചിന്തക്കും യുക്തിവിചാരത്തിനും വിചാരവിപ്ലവത്തിനും ഉള്ള ഒരു പ്രതിവിധിയായിട്ടാണ് മിസ്റ്റിസിസം ഇപ്പോഴും പ്രചരിപ്പിക്കപ്പെടുന്നതു്. ആധുനിക കവികളിൽ മിസ്റ്റിക്ക് ധാര പ്രകടമായിട്ടുള്ള ടി. എസ്. എലിയററ്, വൈ. ബി. യേററ്സ്, ജറാൾഡ് മാൻലി ഹോപ്കിൻസ്, എസ്രാ പൗണ്ട് മുതലായവർ ജനായത്ത വ്യവസ്ഥക്കെതിരായ നിലപാടുകൾ കൈക്കൊണ്ടതു് ആകസ്മികമല്ല. ഇവരിൽ ചിലർ ഫാസിസത്തിന്റെ വക്താക്കളായും മാറി. ഹിററ്ലറുടെ ആര്യവംശോദ്ധാരണത്തിനും രക്തപൂജക്കും സഹായകരമായി വ്യക്തമായ മിസ്റ്റിക്ക് തീവ്രദേശീയ സങ്കല്പങ്ങൾ ഉപയോഗിക്കപ്പെട്ട കാര്യം എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ (1969) ഈ വിഷയത്തെക്കുറിച്ചെഴുതിയ പ്രാമാണികൻപോലും സൂചിപ്പിച്ചിട്ടുണ്ട്.

## വിശുദ്ധർ

ഇനി നമുക്ക് ബ്രഹ്മാത്മൈക്യവാദികളുടെ അനുകൂലികളുടെ സാധുതയും സ്വഭാവവും പരിശോധിക്കാം. നേരത്തെ പ്രസ്താവിച്ച ഈ അനുഭൂതി അനിർവചനീയവും വ്യക്ത്യധിഷ്ഠിതവും യുക്ത്യതീതവുമാകയാൽ അതിന്റെ ഉള്ളിലേക്കു കടന്നുള്ള ചർച്ച അസാധ്യമാണ്. സാധാരണക്കാരായ നമുക്ക് അവയുടെ സാധുത പരിശോധിക്കാൻ ഒരു മാർഗമേ ഉള്ളു. ഈ സവിശേഷാനുഭൂതിയാൽ അനുഗൃഹീതരെന്നവകാശപ്പെടുന്ന വ്യക്തികളുടെ ജീവിതവും സ്വഭാവവും വളർച്ചയും പരിശോധിക്കുക എന്നതാണതു്.

ലോകചരിത്രത്തിൽ മിസ്റ്റിക്കുകളായി അറിയപ്പെടുന്ന പ്രമാണപ്പെട്ടവരെല്ലാം അനിതരസാധാരണ വ്യക്തിത്വമുള്ളവരായിരുന്നു. അവരുടെ ജീവിതാനുഭവങ്ങൾ ലൗകികദൃഷ്ടിയിൽ വിചിത്രം, കഠിനം, ദയനീയം എന്നെല്ലാം വിവരിക്കാവുന്നതാണ്. നിരാശ, തിരസ്കാരം, തകർച്ച എന്നിവയെല്ലാം അവരെ പലപ്പോഴും ആപൽഘട്ടം വരെ എത്തിച്ചിട്ടുണ്ട്. ചെറുപ്പത്തിൽ ആധിപത്യവും മോഹഭംഗവും അവരിൽ മിക്കവരെയും വ്യാകുലപ്പെടുത്തിയിരുന്നു. ഉദാഹരണത്തിന് തന്റെ ചെറുപ്പകാലത്തെപ്പററി വിശുദ്ധ അഗസ്റ്റിന്റെ ആത്മകഥയായ 'കുമ്പസാര'ത്തിൽ പറയുന്നു:

"Continued efforts were made to have me married. I wooed, I was promised, chiefly through my mother's pains, that so once married, the health giving baptism might cleanse me, towards which she rejoiced that I was being daily fitted. Meanwhile my sins were being multiplied and my concubine being torn from my side as a hindrance to my marriage, my heart clave unto her, was torn and wounded and bleeding."

(Confessions)

വിശുദ്ധപോളിനും സ്ഫോടനാത്മകമായ മാനസികാവസ്ഥയാണുണ്ടായിരുന്നതു് എന്നതിനും അമർത്തപ്പെട്ട പ്രലോഭനങ്ങളുടെ പ്രതിഫലനങ്ങൾ അദ്ദേഹത്തിൽ പ്രകടമായിരുന്നു എന്നതിനും തെളിവുകൾ ധാരാളമുണ്ട്. ഇവർ രണ്ടുപേരെയുംകുറിച്ച് ഇ. എസ്. അമെസ് എന്ന പണ്ഡിതൻ "ആത്മീയാനുഭൂതിയുടെ മനശ്ശാസ്ത്രം" (Psychology of Religious Experience) എന്ന ശ്രദ്ധേയമായ ഗ്രന്ഥത്തിൽ പറയുന്നതു കേൾക്കുക:

"It is of great importance historically that the Apostle Paul and St. Augustine belonged to the type for which the extreme form of emotional dramatic conversion is possible. Their personal experience has been regarded as of superior value because it has been assumed uncritically that their moral character and achievements were determined by the manner of their conversion. But when it is recognized that Paul was probably a neurotic, and that Augustine was a sensualist with a highly developed nervous temperament, it becomes apparent that there were very special individual reasion for their dramatic conversions."

## ഉന്മാദം

ശ്രീരാമകൃഷ്ണപരമഹംസന്റെ ഈശ്വരസാക്ഷാൽക്കാരസന്ദർഭങ്ങളിൽ പ്രകടമാകാറുള്ള ഉന്മാദാവസ്ഥകളിൽ ഉള്ള ആനന്ദമൂർച്ഛയും നൃത്തവിശേഷങ്ങളും വളരെ എളുപ്പത്തിൽ ആധുനികമനശ്ശാസ്ത്രവിശകലനത്തിന് വിധേയമാക്കാവുന്നതാണ്. അതുപോലെ അരവിന്ദനും അരവിന്ദാശ്രമത്തിലെ അമ്മയും തമ്മിലുള്ള ബന്ധം രസകരമായ പല മനശ്ശാസ്ത്രഗവേഷണങ്ങൾക്കും പാത്രമായിട്ടുള്ളതാണ്.

ജയദേവരുടെ 'ഗീതഗോവിന്ദ'ത്തിലെ രാധയും കൃഷ്ണനും തമ്മിലുള്ള ബന്ധമാണ് ഭർതൃപരിത്യക്തകളായ അക്കമഹാദേവിക്കും ഭക്തമീരക്കും അവരുടെ ആരാധനാപാത്രമായ ശ്രീകൃഷ്ണസങ്കല്പത്തിനോടുണ്ടായിരുന്നതു്. ദിഗംബരയായ ഊരുചുററി വന്ന 13-ാംനൂററാണ്ടിലെ കന്നട മഹാകവയിത്രി അക്കമഹാദേവിയുടെ സംഗീതസാന്ദ്രവും അതീവമധുരവുമായ കവിതയിൽ എത്ര തവണയാണ് തന്റെ പൃഥുലമായ മാറിടവും സമൃദ്ധമായ വാർകൂന്തലും ഉരുണ്ടുകൊഴുത്ത ഊരുക്കളും പ്രാണപ്രിയനായ മല്ലികാർജ്ജുനനെ ചൂണ്ടിക്കാട്ടി പ്രലോഭിപ്പിക്കുന്നതു്. കാമുകസംഗമത്തിലെന്നപോലെ കൃഷ്ണവിഗ്രഹത്തിന് മുമ്പിൽ സ്വയംമറന്ന് പാട്ടുപാടി നൃത്തമാടുന്ന മീരയുടെ കാവ്യമാധുരി സ്വർഗീയമെങ്കിലും രോഗം ലൗകികംതന്നെ.

കൊച്ചുത്രേസ്യ പുണ്യവാളത്തി മണവാട്ടി ചമഞ്ഞാണ് മണവാളനായ യേശുവിനെ മാറോടുചേർക്കാൻ വെമ്പൽകൊള്ളുന്നതു് എന്ന് അവരുടെ ആത്മകഥയിലെ (ചെറുപുഷ്പം) അനവധി ഖണ്ഡികകൾ വ്യക്തമാക്കുന്നു.

## മയക്കുമരുന്ന്

ഈ പട്ടിക ഇങ്ങിനെ വളരെ നീട്ടാം. ഇതിൽനിന്നെല്ലാം സിദ്ധിക്കുന്നതു് ഇതാണ്: ആധുനിക മനഃശാസ്ത്രത്തിന് അപഗ്രഥിച്ച് മനസ്സിലാക്കാനും ചിലപ്പോൾ ചികിത്സിച്ച് മാററാനും കഴിയുന്ന അസാധാരണ മാനസികാവസ്ഥകളാണ് മിസ്റ്റിക്കുകളിൽ ഭൂരിപക്ഷം പേർക്കും ഉണ്ടായിരുന്നതു്.

ഇതോടുകൂടി ഔഷധിസേവ കൊണ്ട് മിസ്റ്റിക്ക് അനുഭൂതി ലഭിക്കുമെന്ന അലൻ വാട്സിനെപ്പോലെ ജീവിതകാലം മുഴുവൻ മിസ്റ്റിസിസ പ്രചരണത്തിന് വേണ്ടി ചെലവഴിച്ചവരുടെ ആധികാരിക പ്രസ്താവനകൂടി കണക്കിലെടുക്കുക. (This is It അഥവാ 'തത്വമസി' എന്ന വാട്സിന്റെ പുസ്തകം നോക്കുക).

ഇതുകൊണ്ടൊന്നും ഈ മഹദ്‌വ്യക്തികളുടെ മഹത്വമോ ഭാവനാസമ്പത്തോ മാനവരാശിക്കവരിൽ നിന്നും കൈവന്നിട്ടുള്ള മഹനീയ നേട്ടങ്ങളോ ഞാൻ ചോദ്യംചെയ്യുന്നു എന്നു ധരിക്കേണ്ടതില്ല. ഇവിടെ പ്രതിപാദിച്ച അസാധാരണ മാനസികാവസ്ഥ രാഷ്ട്രീയ നേതാക്കൾ, വിപ്ലവകാരികൾ, ശാസ്ത്രജ്ഞന്മാർ തുടങ്ങിയവർക്കും ധാരാളം കണ്ടിട്ടുണ്ട്. ലോക ജേതാക്കളിലും നേതാക്കളിലും വലിയൊരു പങ്കിന് അസാധാരണമായ മാനസിക ഘടനയാണുണ്ടായിരുന്നതു്. പക്ഷെ ഈ പരമാർഥങ്ങൾകൂടി കണക്കിലെടുത്താൽ മാത്രമെ മിസ്റ്റിക്ക് അനുഭൂതിയുടെ വ്യക്ത്യധിഷ്ഠിതമായ മാനസിക-സാംസ്കാരിക പശ്ചാത്തലം ഗ്രഹിക്കാൻ നമുക്ക് കഴിയൂ.

Ineffability അഥവാ അനിർവചനീയതയുടെ മറവിൽ 'മിസ്റ്റിസിസ'ത്തെ യുക്തിയുടെയും ശാസ്ത്രത്തിന്റെയും മേഖലയിൽനിന്ന് എടുത്തുമാററാനുള്ള ശ്രമം ആധുനിക ശാസ്ത്രത്തിനെതിരെ യാഥാസ്ഥിതികർ ആദിമകാലംതൊട്ട് പ്രഖ്യാപിച്ചിട്ടുള്ള എതിർപ്പിന്റെ തുടർച്ച മാത്രമാണ്. അന്ധവിശ്വാസ പ്രചരണത്തിനും അനാചാര സംസ്ഥാപനത്തിനും ഉള്ള ഒരു 'താത്വികോപകരണം' മാത്രമാണിന്നു" മിസ്റ്റിസിസം. ശാസ്ത്രത്തെ താഴ്ത്തിക്കെട്ടാനും യുക്തിയെ നിഷേധിക്കാനുമായി ഉപയോഗിക്കപ്പെടുന്ന മിസ്റ്റിസിസത്തെ ശാസ്ത്രത്തിന്റെ പരിശോധനാമാർഗങ്ങൾക്കു് വിധേയമാക്കാൻ 'അനിർവചനീയത'യുടെ രക്ഷാകവചം സഹായകരമല്ല.

എറണാകുളം ചാവറ കൾച്ചറൽ സെൻററിൽ 1978 ജൂൺ മാസത്തിൽ നടന്ന ദാർശനിക സമിതിയുടെ വാർഷിക സമ്മേളനത്തിൽ വായിച്ച പ്രബന്ധം.